പീരുമേട് താലൂക്കിലെ മൈനർ ഇറിഗേഷൻ വർക്കുകൾ

290 [606] ശ്രീ. കെ. കെ. തോമസ്: താഴെ കാണുന്ന ചോദ്യത്തിന് ജലസേചനവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പീരുമേട് താലൂക്കിൽ മൈനർ ഇറിഗേഷൻവകുപ്പ് എത്ര ലക്ഷം രൂപയുടെ വർക്കുകൾ ഏറ്റെടുത്ത് നടത്തിവരുന്നു?

ഉത്തരം

1.75 ലക്ഷം രൂപയുടെ ചെറുകിട ജലസേചനപദ്ധതികൾ ഇപ്പോൾ നടന്നുവരുന്നു.

കുട്ടനാട് വാട്ടർ സപ്ലൈ സ്കീം

291 [608] ഡോക്ടർ കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് വാട്ടർ സപ്ലൈ സ്കീം എന്നാണ് ആരംഭിച്ചത്;

(ബി) ഏതെല്ലാം പഞ്ചായത്തുകൾക്ക് വെള്ളം കൊടുക്കുവാനാണ് പദ്ധതിക്ക് രൂപകൽപ്പന ചെയ്തപ്പോൾ ഉദ്ദേശിച്ചിരുന്നത്;

(സി) അവയിൽ ഏതെല്ലാം പഞ്ചായത്തുകൾക്കാണ് എല്ലായിടത്തും ശുദ്ധജലം നൽകിയത്;

(ഡി) എല്ലാ പഞ്ചായത്തുകൾക്കും എന്നത്തേക്ക് എല്ലായിടത്തും വെള്ളം എത്തിക്കുവാൻ സാദ്ധ്യമാവും;

(ഇ) പദ്ധതി ആരംഭംമുതൽ ഈ [illegible]ക്കുവേണ്ടി ആകെ എന്തുതുക ചെലവുചെയ്തു; ഓരോ വർഷവും എത്ര;

(എഫ്) ഈ വർഷത്തേക്ക് വാട്ടർ ആതോറിറ്റി [illegible]ന് വാട്ടർ അതോറിറ്റി പ്രസ്തുത പദ്ധതിക്കുവേണ്ടി എന്ത് തുക നീക്കി വച്ചിട്ടുള്ളത്;

(ജി) ഏറ്റവും ചുരുങ്ങിയത് മൂന്ന് പമ്പിംഗ് സ്റ്റേഷനുകളും മൂന്ന് ഓവർഹെഡ് ടാങ്കുകളും നിർമ്മിച്ചാൽ മാത്രമേ ഈ സ്കീം പുരോഗമിപ്പിക്കുവാൻ കഴിയൂ എന്ന വസ്തുത ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എച്ച്) ഈ പണികൾ ഏറ്റെടുത്ത് നടപ്പാക്കുവാനും ടെൻഡർ ചെയ്യുന്നതിനുമുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 1972-ൽ ആണ് പ്രസ്തുത സ്കീം ആരംഭിച്ചത്.

(ബി) ചമ്പക്കുളം, കൈനകരി, എടത്വ, നെടുമുടി, തകഴി, തലവടി, കാവാലം, മുട്ടാർ, നീലംപേരൂർ, പുളിങ്കുന്ന്, വെളിയനാട്, നിരണം, നെടുംപുറം, കടപ്ര, വിയപുരം, പെരിങ്ങര എന്നീ പഞ്ചായത്തുകളിലേക്ക് വെള്ളം കൊടുക്കുവാനാണ് പദ്ധതി രൂപകൽപ്പന ചെയ്തപ്പോൾ ഉദ്ദേശിച്ചിരുന്നത്.

GPM. 2/487/2009.

LIBRARY ARCHIVES Kerala Legislative Assembly